**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **01-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ടി.പി പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ടി.പി യുടെ പാക്കേജ് IV & V ന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | OPBRC PACKAGE IV, V എന്നീ പദ്ധതി കൾക്ക് 17/09/2022-ലെ സ.ഉ(സാധാ)നം. 938/2022/ പൊ.മ.വ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. 21.03.2023-ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം, പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിംഗ്, റോഡ് മെയിന്റനൻസ് വിംഗ് കൂടി ചേർന്ന് പദ്ധതി റോഡുകളിൽ സംയുക്ത പരിശോധന നടത്തി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ മോഡിഫൈ ചെയ്തു. OPBRC പാക്കേജ് 5-ന്റെ പുതുക്കിയ ഡി.പി.ആർ അനുസരിച്ചുള്ള എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയേക്കാൾ അധികരിച്ചു വന്നു.<br><br>OPBRC PACKAGE 4-ലെ Kuttiyadi Kellur, Cherkala Jalsoor എന്നീ റോഡുകളിൽ Hill Highway-യുമായി overlap വന്ന Stretch-കൾ ഒഴിവാക്കി, കൂടാതെ Sulthan Bathery – Pullpalli – perikallur റോഡ് OPBRC പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത വിധം Structurally deficient ആയതിനാൽ ടി റോഡും OPBRC പാക്കേജ് 4-ൽ നിന്ന് ഒഴിവാക്കി പുതുക്കിയ DPR അനുസരിച്ച് കാസർകോഡ് ജില്ലയിലെ Cherkala – Jalsoor റോഡിന്റെ (Ch:10/000 to 16/000. 22/000 to 39/138) 23.198 Km, Kuttiyadi Kellur Road ന്റെ (Ch 0/000 to 5/000) 5 കി.മീ. എന്നീ Stretch-കൾ ചേർന്നുള്ള 28.138 കി.മീ ആണ് OPBRCപാക്കേജ്-4ൽ ഉൾപ്പെട്ടിട്ടുള്ളത്. OPBRCപാക്കേജ് -4 മുൻപ് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തപ്പോൾ ആരും Quote ചെയ്തിരുന്നില്ല. നിലവിൽ പുതുക്കിയ DPR അനുസരിച്ച് കാസർകോഡ്, കോഴിക്കോട് ജില്ലകളിലായി 28.138 കി.മീ റോഡ് മാത്രം ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് ആരും Quote |

| | | | |
|---|---|---|---|
| | | | ചെയ്യാൻ സാധ്യതയില്ലാത്തിനാൽ OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിയ്ക്കായി KSTP സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| (ബി) | രണ്ട് വർഷം കഴിഞ്ഞിട്ടും ഈ പദ്ധതി യാഥാർഥ്യമാക്കാൻ സാധിക്കാത്തതിനെതുടർന്ന് ഈ പാക്കേജുകളിൽ ഉൾപ്പെട്ട റോഡുകളിൽ കുഴികൾ രൂപപ്പെട്ടുതുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാസറഗോഡ് - കാഞ്ഞങ്ങാട് സംസ്ഥാന പാതയിലെ ബി.എം തകർന്നുണ്ടായ കുഴികൾ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിൽ അടച്ചിട്ടുണ്ട്. കെ.എസ്.ടി.പി യുടെ OPBRC Package IV ൽ ഉൾപ്പെട്ട കുറ്റ്യാടി തൊട്ടിൽപാലം – കി.മി 0/000 മുതൽ 5/000 റോഡിലെ കുഴികൾ റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി അടച്ച് ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി –പുൽപള്ളി പെരിക്കല്ലൂർ റോഡിൽ റോഡിന്റെ ആദ്യത്തെ 4 കിലോമീറ്റർ നിലവിൽ റീഫോർമേഷൻ ഫണ്ട് ഉപയോഗിച്ച് Pothole free ആയി നിലനിർത്തിയിട്ടുണ്ട്. OPBRC പാക്കേജ്-4, പാക്കേജ്-5 എന്നിവ ഒരുമിച്ച് ഒറ്റ പാക്കേജായി ടെണ്ടർ ചെയ്യാനുള്ള അനുമതിയ്ക്കായി KSTP സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| (സി) | മേൽ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പരിപാലനം ഏത് രീതിയിൽ ചെയ്യുമെന്നും എപ്പോൾ ചെയ്യുമെന്നും വിശദമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ